# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -317 10.05.2017 ൽ മറുപടിയ്ക്ക്

## ട്രെയിനുകളിലെയും റെയിൽവേ സ്റ്റേഷനുകളിലെയും കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരളാ പോലീസിന് സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരളാ പോലീസിന് സംവിധാനം നിലവിലുണ്ട്. ട്രെയിൻ യാത്രക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ എറണാകുളം, പാലക്കാട് കേന്ദ്രീകരിച്ച് സബ് ഡിവിഷൻ തലത്തിൽ ഡി.വൈ.എസ്.പി.മാരും, തിരുവനന്തപുരം, എറണാകുളം, ഷൊർണൂർ, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സർക്കിൾ തലത്തിൽ സർക്കിൾ ഇൻസ്പെക്ടർമാരും 13 റെയിൽവെ പോലീസ് സ്റ്റേഷനുകളും ഫലപ്രദമായി പ്രവർത്തിച്ച് വരുന്നു. റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സ് എന്ന കേന്ദ്ര സേനയുടെ പ്രവർത്തനം കൂടാതെയുള്ള കേരളാ പോലീസിന്റെ പ്രവർത്തനങ്ങളാണിവ.<br>കഴിഞ്ഞ മൂന്നു വർഷത്തിൽ സംസ്ഥാനത്ത് റെയിൽവേയാത്രക്കിടയിൽ സ്ത്രീകളെയും, കുട്ടികളെയും ഉപദ്രവിച്ചതുമായി ബന്ധപ്പെട്ട് 383 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രെയിൻ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) സംസ്ഥാനത്ത് ട്രെയിൻ യാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും ട്രെയിനിലെയും റെയിൽവേ സ്റ്റേഷനുകളിലെയും കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും എന്തെല്ലാം നടപടികളാണ് കേരള പോലീസിന്റെ | (ബി) സംസ്ഥാനത്ത് ട്രെയിൻയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും, കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും, റെയിൽവേ പോലീസ് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടി വിവിധ സംഘടനകളെ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും, |

| | | | |
|---|---|---|---|
| | കീഴിലുള്ള റെയിൽവേ പോലീസും സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | | ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ജുവനൈൽ ഓഫീസർമാരെയും, വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജുവനൈൽ യൂണിറ്റുകൾ രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് നോഡൽ ഓഫീസറായി DySP, DCRB, റെയിൽവേയ്സിനെ നിയമിച്ചിട്ടുള്ളതുമാണ്. |
| (സി) | ട്രെയിനുകളിലെ സ്ത്രീ സുരക്ഷ ഫലപ്രദമാക്കുവാൻ റെയിൽവേ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വ്യക്തമാക്കുമോ? | (സി) | സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും അടിയന്തിര സഹായം ലഭിക്കുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസുമായി ബന്ധപ്പെടുന്നതിന് ഒരു റെയിൽവേ അലർട്ട് സിസ്റ്റം നടപ്പാക്കിയിട്ടുള്ളതും ഇത് 24 മണിക്കൂറും പ്രവർത്തന സജ്ജവുമാണ്. സ്ത്രീകളുടെ സുരക്ഷയ്ക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ജുവനൈൽ ഓഫീസർമാരെയും, വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജുവനൈൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.